**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4548** **29-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ അഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | കോട്ടയം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിവിധയിനം തൈകൾ ഉൽപ്പാദിപ്പിച്ച് ഹരിതകേരളം പദ്ധതിയ്ക്കായി സർക്കാർ നിർദ്ദേശ പ്രകാരം വിവിധ പഞ്ചായത്തുകൾക്കും, മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവർക്കും വിതരണം ചെയ്തു വരുന്നുണ്ട്. തേക്ക് സ്റ്റമ്പുകളും തയ്യാറാക്കി വിൽപ്പന ചെയ്തു വരുന്നുണ്ട്.  കൂടാതെ വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ്, വഴിയോരത്തണൽ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ജില്ലയിൽ നാട്ടിൽ ഇറങ്ങുന്ന പാമ്പുകളെ പിടിക്കുന്നതിന് 24 വോളന്റിയർമാരെ ട്രെയിനിംങ് പൂർത്തിയാക്കി വിന്നസിച്ചിട്ടുണ്ട്. ഇവർക്ക് ടൂൾകിറ്റ് വിതരണം ചെയ്തിട്ടുമുണ്ട്. കൂടാതെ, സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വനമിത്ര അവാർഡ്, കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കണ്ടൽ വളർത്തുന്നതിനുള്ള ധനസഹായം എന്നിവയും നൽകിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ജില്ലയിൽ നിന്ന് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) | ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക രജിസ്ട്രേഷൻ ഒന്നും തന്നെ ഇല്ല. എന്നാൽ അപേക്ഷകൾ ലഭിയ്ക്കുന്ന മുറയ്ക്ക് വനമിത്ര അവാർഡ്, കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കണ്ടൽ വളർത്തുന്നതിനുള്ള ധനസഹായം എന്നിവ ഓരോ വർഷവും നൽകിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ? | (സി) | ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക രജിസ്ട്രേഷൻ ഒന്നും തന്നെ ഇല്ല. എന്നാൽ അപേക്ഷകൾ ലഭിയ്ക്കുന്ന മുറയ്ക്ക് വനമിത്ര അവാർഡ്, കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, കണ്ടൽ |

| | | | |
|---|---|---|---|
| | | | വളർത്തുന്നതിനുള്ള ധനസഹായം എന്നിവ ഓരോ വർഷവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ